## പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ- ശ്രീ.എസ്സ്. ഗോപകുമാർ)

വിഷയം:- ജീവനക്കാര്യം- സീനിയർ ക്ളർക്ക് തസ്തികയിൽ നിന്നും ക്ളാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തി ജില്ലയിലേക്ക് അലോട്ട് ചെയ്ത ജീവനക്കാർക്ക് നിയമനം നൽകി ഉത്തരവാകുന്നു

പരാമർശം:- പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ(ഭരണം) ന്റെ 20.03.2015 ലെ ഇ4-39707/2014 നം ഉത്തരവ്

### ഉത്തരവ് നം.ഇ3-700/2015 (2) തീയതി 06.04.2015

കെ.എസ്സ്&എസ്സ്.എസ്സ്.ആർ ഭാഗം IIചട്ടം 13(എ)(1)(എ) പ്രകാരം ടെസ്റ്റ് ഇളവ് ലഭിച്ച് സീനിയർ ക്ളാർക്കായി സ്ഥാനക്കയറ്റം നേടിയതും നിശ്ചിത സമയ പരിധിക്കകം വകുപ്പ്തല പരീക്ഷ യോഗ്യത നേടാത്തതുമായ താഴെപ്പറയുന്ന ജീവനക്കാരെ പരാമർശം പ്രകാരം ക്ളാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തുകയും ടിയാൾക്കാർക്ക് ക്ളാർക്ക് തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ജീവനക്കാരെ ടിയാൾക്കാരുടെ പേരിനു നേരെയുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് ക്ളാർക്ക് തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു. 2015 ലെ ക്ളാർക്കുമാരുടെ പൊതു സ്ഥലംമാറ്റം നടത്തപ്പെടുമ്പോൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സൗകര്യപ്രദമായി സ്ഥലംമാറ്റം നൽകുന്നതിലേക്കായി ഈ ഉത്തരവിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സ്ഥലംമാറ്റപ്പെടാവുന്നതാണ്.

| ക്രമ നം | പേരും, നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | ക്ളാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി നിയമിക്കുന്ന ഓഫീസ് | തരംതാഴ്ത്തുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | എൻ.ബി രഘു, സീനിയർ ക്ളാർക്ക് വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് (നിലവിലുള്ള ഒഴിവിൽ) | 19.05.2013 | റിവർഷൻ |
| 2 | ജിനു ജെയിൻ, സീനിയർ ക്ളാർക്ക് കൊറ്റനാട് ഗ്രാമപഞ്ചായത്ത് | റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (താര.പി.കെ സ്ഥലംമാറുന്ന ഒഴിവിൽ) | 03.11.2012 | റിവർഷൻ |
| 3 | റ്റി.സുലോചന, സീനിയർ ക്ളാർക്ക്, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് (ജയകുമാർ.ജി പ്രമോഷനായ ഒഴിവിൽ) | 13.08.2011 | റിവർഷൻ |

| | | | | |
|---|---|---|---|---|
| 4 | ജയശങ്കർ.റ്റി.ആർ, സീനിയർ ക്ളാർക്ക്, കടനാട് ഗ്രാമപഞ്ചായത്ത്, കോട്ടയം | കോന്നി ഗ്രാമപഞ്ചായത്ത് (ശാന്തമ്മ.റ്റി.ഒ പ്രമോഷനായ ഒഴിവിൽ) | 14.02.2011 | റിവർഷൻ |

ബന്ധപ്പെട്ട ഓഫീസ്സ് മേധാവികൾ തരംതാഴ്ത്തിയ തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പളം പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ജീവനക്കാർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും യഥാസമയം അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

എസ്സ്. ഗോപകുമാർ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല)

പകർപ്പ്- 1) വ്യക്തികൾക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
2) സെക്രട്ടറി വടശ്ശേരിക്കര/ കൊറ്റനാട്/തോട്ടപ്പുഴശ്ശേരി /കോന്നി /ഓമല്ലൂർ റാന്നി പഴവങ്ങാടി /വെച്ചൂച്ചിറ /കടനാട് (കോട്ടയം) -ഗ്രാമപഞ്ചായത്തുകൾ
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കോട്ടയം
5) വെബ് സൈറ്റ്
6) കരുതൽ /അധികം

ആജ്ഞാനുസരണം /അയയ്ക്കുന്നത്

സൂപ്രണ്ട്